നിർവ്വഹിക്കുന്നതുമൂലം അഴിമതി കുറയ്ക്കുന്നതിനും സാധിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ലഭിക്കുന്ന പരാതികളിൻമേൽ തീരുമാനമെടുക്കാൻ ജില്ലാ അടിസ്ഥാനത്തിൽ പരാതി പരിഹാര സെല്ലുകൾ രൂപീകരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. എല്ലാ കളക്ട്രേറ്റുകളിലും ഈ ആവശ്യത്തിലേയ്ക്കായി പരാതിപ്പെട്ടികളും സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ ലാന്റ് റവന്യൂ കമ്മീഷണറേറ്റിലും സെക്രട്ടേറിയറ്റിലും ലഭിക്കുന്ന പരാതികളിൻമേൽ അന്വേഷണം നടത്തി നടപടികൾ സ്വീകരിച്ചുവരുന്നു.

## തൊണ്ടു നിയന്ത്രണ ഉത്തരവ്

30 (*300)ശ്രീമതി രാധാരാഘവൻ :

ശ്രീ. കെ.സി. വേണുഗോപാൽ :

ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊണ്ടു നിയന്ത്രണ ഉത്തരവ് ഇപ്പോൾ നിലവിലുണ്ടോ;

(ബി) എങ്കിൽ ഈ ഉത്തരവ്മൂലം കയർ വ്യവസായത്തിന് ഇപ്പോഴത്തെ സാഹചര്യത്തിൽ എന്തെല്ലാം പ്രയോജനങ്ങൾ ലഭിക്കുന്നു എന്നു പറയുമോ;

(സി) സംസ്ഥാനത്തിന് ആവശ്യമായ ചകിരി ഇവിടെ ലഭ്യമാണോ;

(ഡി) അല്ലെങ്കിൽ സംസ്ഥാനത്തിന്റെ ആവശ്യത്തിനുള്ള ചകിരി എവിടെ നിന്നെല്ലാം കൊണ്ടുവരുന്നു എന്ന് അറിയിക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) ലഭ്യമല്ല.

(ഡി) അയൽ സംസ്ഥാനമായ തമിഴ്നാട്ടിൽനിന്നും സംസ്ഥാനത്തേക്ക് ചകിരി വരുന്നുണ്ട്.

## (2) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭകരമാക്കുന്നതിന് നടപടി

1 (1337)ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ആർ. ബാലകൃഷ്ണപിള്ള :

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭകരമാക്കുന്നതിനോ പൂട്ടിക്കിടക്കുന്ന സ്ഥാപനങ്ങൾ തുറക്കുന്നതിനോ ആവശ്യമായ സാമ്പത്തികസഹായം നൽകാമെന്ന് ഏഷ്യൻ ഡെവലപ്മെന്റ് ബാങ്ക് സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതുസംബന്ധമായി എ.ഡി.ബി.യുടെ പ്രതിനിധികൾ സംസ്ഥാന സർക്കാരിന്റെ പ്രതിനിധികളുമായി എന്തെങ്കിലും ചർച്ചകൾ നടത്തിയിട്ടുണ്ടോ;

(സി) നഷ്ടത്തിൽ നടക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ പരസ്പരം ലയിപ്പിച്ച് തുടർന്നും പ്രവർത്തിപ്പിക്കാനാണോ അതോ നഷ്ടത്തിൽ നടക്കുന്നവ നിറുത്തുന്നതിനാണോ എ.ഡി.ബി. യുടെ പ്രതിനിധികൾ ആവശ്യപ്പെട്ടിട്ടുള്ളത്; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭകരമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

(എ) ഇല്ല.

(ബി),(സി) സംസ്ഥാനത്ത് നഷ്ടത്തിൽ പ്രവർത്തിക്കുന്നതും ലാഭത്തിൽ പ്രവർത്തിക്കുന്നതുമായ പൊതുമേഖലാ സ്ഥാപനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ എ.ഡി.ബി. ശേഖരിച്ചിട്ടുണ്ട്. എ.ഡി.ബി.യുമായി അന്തിമചർച്ച നടത്തിയതിനുശേഷമേ ഇക്കാര്യത്തിൽ ബാങ്കിന്റെ നിലപാട് എന്തെന്നറിയുവാൻ കഴിയൂ.

(ഡി) പുനരുദ്ധാരണ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുക, ചെറിയതോതിൽ ഉള്ള മുതൽമുടക്കും പരിഷ്ക്കരിച്ച് സാങ്കേതികവിദ്യയും കൊണ്ട് ലാഭകരമാക്കാവുന്ന സ്ഥാപനങ്ങളിൽ അതിനുള്ള നടപടികൾ സ്വീകരിക്കുക, പലിശ കുറച്ച് മുതൽ മൊത്തമായി തിരിച്ചടയ്ക്കുവാൻ സാധിക്കുന്നവയിൽ അങ്ങനെ ചെയ്യുക, സർക്കാർ കടം മൂലധനമായി മാറ്റി പലിശബാധ്യത കുറയ്ക്കുക, സമാനസ്വഭാവമുള്ളതോ എന്നാൽ നഷ്ടത്തിൽ പ്രവർത്തിക്കുന്നതോ ആയ യൂണിറ്റുകളെ ലാഭത്തിൽ നടക്കുന്ന സ്ഥാപനങ്ങളുമായി സംയോജിപ്പിക്കുക, തുടങ്ങിയ പരിപാടികളാണ് വിഭാവനം ചെയ്തിട്ടുള്ളത്. കൂടാതെ സാങ്കേതിക പുനരുദ്ധാരണം ആവശ്യമായ വ്യവസായവകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങൾക്ക് തക്കസമയത്ത് വേണ്ട ധനസഹായം നൽകുവാൻ കേരള ഇൻഡസ്ട്രിയൽ റീവൈറ്റലൈസേഷൻ ഫണ്ട് വഴി പണം സമാഹരിച്ചു പൊതുമേഖലാ സ്ഥാപനങ്ങൾക്കു നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## കേരളത്തിൽ വ്യവസായ നിക്ഷേപത്തിലുണ്ടാകുന്ന കുറവ്

**2 (1339)** ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. അടൂർപ്രകാശ് :

ശ്രീ. പി.ജെ. ജോയി :

ശ്രീ. ജോർജ് ജെ മാത്യു :

ശ്രീ. എ.കെ. മണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വ്യവസായ നിക്ഷേപം കുറയുന്നതായി 1999 ഒക്ടോബർ 31 വരെയുള്ള കാലഘട്ടത്തെപ്പറ്റി പഠനം നടത്തിയ സെന്റർ ഫോർ മോണിറ്ററിംഗ് ഇൻഡ്യൻ എക്കോണമിയുടെ പഠനത്തിൽ തെളിഞ്ഞ വിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പഠനത്തിലെ വിവരങ്ങൾ ശരിയാണോ എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly